(ഡി) ഇല്ലെങ്കിൽ അങ്കമാലിയിൽ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി, ഡി) അങ്കമാലി അസിസ്റ്റന്റ് ലേബർ ഓഫീസ് അങ്കമാലിയിൽ പ്രവർത്തിപ്പിക്കുന്നതിന് അങ്കമാലി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഏകദേശം 250 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു മുറി പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടകനിരക്കിന് നൽകാമെന്ന് അങ്കമാലി നഗരസഭ സമ്മതിച്ചിട്ടുണ്ട്. കെട്ടിട ഉടമയുടെ സമ്മതപത്രം, പൊതുമരാമത്ത് വകുപ്പിന്റെ വാടക സർട്ടിഫിക്കറ്റ്, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചാലുടൻ അസി. ലേബർ ഓഫീസ് അങ്കമാലിയിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

റൂട്ട് ദേശസാൽക്കരണം

98 [3503] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെങ്കിലും റൂട്ടുകൾ ദേശ സാൽക്കരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ഇല്ല.

വാഹനപുക പരിശോധന സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാൻ നടപടി

99 [3504] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ പുക പരിശോധന നടത്തി സർട്ടിഫൈ ചെയ്യാനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുക പരിശോധന നടത്താനുള്ള അധികാരം സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ സ്ഥാപനങ്ങൾക്ക് ഒരു പ്രത്യേക ഫീസ് നൽകിയാൽ ഏതു വാഹനത്തിനും സർട്ടിഫിക്കറ്റ് ലഭിക്കുന്ന സാഹചര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം സ്വകാര്യ സ്ഥാപനങ്ങളുടെമേൽ സർക്കാരിനുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) വാഹനപുക പരിശോധന ടെസ്റ്റ് നീതി പൂർവ്വകമാക്കാനും സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആർ. ടി. ഒ. മാർ നൽകുന്ന ലൈസൻസിന്റെയടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾ നടത്തുന്ന വാഹനപുക പരിശോധന സ്റ്റേഷനുകൾ ആണ് പുക പരിശോധന നടത്തി സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്.

(ബി) കേന്ദ്ര വാഹന നിയമപ്രകാരമാണ് പുകപരിശോധന കേന്ദ്രങ്ങൾ നൽകുവാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിന് സിദ്ധിച്ചിരിക്കുന്നത്. ഇതിൻപ്രകാരമാണ് ഇവയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്.

(സി, ഡി) ഇപ്പോൾ പുകപരിശോധന സ്റ്റേഷനുകൾക്ക് ലൈസൻസ് നൽകുന്നത് നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായിട്ടാണ്. ഇവ ലംഘിക്കപ്പെടുന്നവർക്കെതിരെ അവരുടെ ലൈസൻസ് താൽക്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുവാനുള്ള അധികാരം ബന്ധപ്പെട്ട അധികാരിയിൽ നിക്ഷിപ്തമാണ്.

(ഇ) ഇപ്പോൾ ഇവ സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാണ് പ്രവർത്തിച്ചു വരുന്നത്.

വാഹനങ്ങളിലെ വേഗതനിയന്ത്രണ യന്ത്രം

100 [3505] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളിൽ വേഗത നിയന്ത്രണം ഉറപ്പുവരുത്താൻ ഘടിപ്പിക്കേണ്ട യന്ത്രം ലഭ്യമാണോ;

(ബി) എങ്കിൽ ഏതൊക്കെ കമ്പനികളാണ് അത്തരം യന്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) യന്ത്രത്തിന്റെ നിലവിലുള്ള മാർക്കറ്റ് വില എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) സർക്കാർ നിശ്ചയിച്ചിരിക്കുന്നതും യോഗ്യതയുള്ളതുമായ എത്ര കമ്പനികൾ നിലവിൽ ഇത്തരം യന്ത്രങ്ങൾ നിർമ്മിച്ചു വിപണിയിലിറക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത യന്ത്രം ബസ്സുകളിൽ ഘടിപ്പിക്കുന്നതിലേക്കായി കെ. എസ്. ആർ. ടി. സി. എന്തു തുകയാണ് ചെലവിടുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly